# വെളിപാട്പുസ്തകം ഒരു പഠനം - ഭാഗം 4

"പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ ഉളവായതല്ല. ദൈവകൽപനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ (2പത്രോ. 1:20,21)".



Pr. M.V. Simon B.Th,
M.Div, M.A 'M.Th'

## അധ്യായം 3

## സഭയുടെ എടുക്കപ്പെടലും സ്വർഗ്ഗീയകാഴ്ചകളും(വെളിപാട് .4,5 അധ്യായങ്ങൾ)

വെളിപാട് പുസ്തകം വ്യാഖ്യാനിക്കുന്നത് ഒന്നാം അധ്യായം പത്തൊൻപതാം വാക്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം.

1. യോഹന്നാൻ കണ്ടത് (1 ..ാം അധ്യായം)
2. ഇപ്പോഴുള്ളത് (2,3 അധ്യായങ്ങൾ)
3. മേലാൽ സംഭവിക്കാനുള്ളത് (4...22 അധ്യായങ്ങൾ)

വിശുദ്ധ വേദ പുസ്തകം നാം പഠിക്കുമ്പോൾ രണ്ടു കാര്യം ഓർത്തിരിക്കണം വെളിപ്പെട്ടുകിട്ടിയ വചനങ്ങൾ, വെളിപ്പെട്ടു കിട്ടാനുള്ള വചനങ്ങൾ (ആവർ.29:28).

- യോഹന്നാൻ കണ്ടത് യേശുക്രിസ്തുവിന്റെ തേജസ്കരിക്കപ്പെട്ട ശരീരമാണ് (1:13...18)
- ഇപ്പോഴുള്ളത് സഭാ കാലയളവാണ്.
- മേലാൽ സംഭവിക്കാനുള്ളത് സഭയുടെ എടുക്കപ്പെടൽ, എതിർ ക്രിസ്തുവിന്റെ ഭരണം, ഹർമ്മഗദ്ദോൻ യുദ്ധം, ആയിരം ആണ്ട് വാഴ്ച,ഗോഗ് മാഗോഗ് യുദ്ധം, പുതിയ ആകാശം പുതിയ ഭൂമി, അന്ത്യ ന്യായവിധി, നിത്യത ഇവയാണ്.

സഭായുഗം കഴിഞ്ഞാൽ പിന്നെ സഭയുടെ ഉൽപ്രാപണം നടക്കും. നാലാം അധ്യായം ഒന്നാം വാക്യം തുടങ്ങുന്നത് ശ്രദ്ധിക്കുക 'അനന്തരം' ഗ്രീക്കിൽ ഈ പ്രയോഗം മെറ്റാ റ്റാവുട്ടാ എന്നാണ്. അതായത് മുൻപ് സംഭവിച്ച വസ്തുതകൾക്ക് തൊട്ട് പിൻപിൽ എന്നാശയമാണ്. ഈ ഭൂമിയിൽ സഭായുഗംകഴിയുന്നതോടുകൂടി സഭ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടും അങ്ങനെ ദൈവമക്കൾ കർത്താവിനോടൊപ്പം ആയിരിക്കും. ഇതിന്റെ വിവരണം ആകുന്നു 4,5 അധ്യായങ്ങളിൽ കാണുന്നത്.ദൈവമക്കൾ കർത്താവിന് സ്തുതിസ്തോത്ര യാഗങ്ങൾ അർപ്പിക്കുന്ന മനോഹര കാഴ്ചയാണ് ഈ അധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്.

### 1. തുറന്നവാതിൽ

ഇരുപത്തിനാലാം സങ്കീർത്തനത്തിൽ മഹത്വത്തിന്റെരാജാവായ യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണസമയത്ത് സ്വർഗ്ഗവാതിലുകൾതുറന്നതുപോലെ സഭയുടെ ഉൽപ്രാപണവേളയിൽ കാന്തയെസ്വീകരിക്കുവാൻസ്വർഗ്ഗംതുറക്കും. തിരുവചനം പഠിക്കുമ്പോൾ പലസന്ദർഭങ്ങളിൽ സ്വർഗ്ഗം തുറന്നിട്ടുണ്ട്. ഈ വചനങ്ങൾ വായിക്കുക (യെഹ.1:1; മത്താ.3:16,17; അപ്പോ.7:56, 10:11; വെളി.4:1,19:11).

### 2. കാഹളത്തിനൊത്ത നാദം

അപ്പോസ്തലനായ പൗലോസ് തന്റെ ലേഖനങ്ങളിൽ കർത്താവ് മധ്യാകാശത്തിൽ സഭയെ സ്വീകരിപ്പാൻ വരുമ്പോൾ ഗംഭീരനാദവും കാഹളവുംഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു( 1തെസ്സ.4:16, 1കൊരി.15:52) കർത്താവിന്റെ ഗംഭീരനാദം മരിച്ച വിശുദ്ധൻമാരെ ഉയർപ്പിപ്പാനും (യോഹ.11:43; സങ്കീ.90:3).കാഹളം പുനഃരുത്ഥാനംപ്രാപിച്ചവിശുദ്ധൻമാരെ സ്വർഗ്ഗത്തിലേക്ക് പുറപ്പെടുവിക്കുവാനും.

3. ഇവിടെ കയറി വരിക

യോഹന്നാനെ ആത്മാവിൽ സ്വർഗ്ഗത്തിലേക്ക്ക്ഷണിക്കുന്നരംഗമാണിതെങ്കിലും സഭയുടെ എടുക്കപ്പെടലുകൂടിയാണിത്. യോഹന്നാൻദൈവസഭയുടെ പ്രതിനിതി കൂടെയാണ്. മൂന്നു കാരണങ്ങൾ ഇതിന് എടുത്തുപറയാനുണ്ട്.

1. ഈ രംഗം സ്വർഗ്ഗത്തിൽ നടക്കുന്നു
2. കാഹളനാദത്തിനൊത്ത ശബ്ദം അകമ്പടിയായുണ്ട്
3. ദൈവത്തിന്റെആത്മാവ് സ്വർഗ്ഗത്തിൽ സിംഹാസനത്തിനുമുൻപിലായിരിക്കുന്നു(4:5)

ക്രിസ്തുവിന്റെ മടങ്ങിവരവിൽ സഭയെ ഒരുക്കി സ്വർഗ്ഗത്തിൽ കാഴ്ച വയ്ക്കുകയെന്നുള്ളതാണ് പരിശുദ്ധാത്മാവിന്റെ ധർമ്മം.****

## സ്വർഗ്ഗത്തിൽ ഒരു സിംഹാസനം(4.2,3)

ആത്മവിവശതയിലാണ് യോഹന്നാൻ ഈകാഴ്ചകൾ കാണുന്നത്. സിംഹാസനത്തിലിരിക്കുന്നവൻ സകലത്തിന്റെയും സൃഷ്ടാവുമായവനാണ് (സങ്കീ.103:19; യെശ.66;1).റോമൻകൈസരുടെ സിംഹാസനത്തെക്കാളുപരി സ്വർഗ്ഗത്തിലൊരു സിംഹാസനം ഉണ്ടെന്ന് വെളിപ്പാടുകാരൻ ഓർപ്പിക്കുന്നു. രത്ന തുല്യമായപ്രകാശമാണ് സിംഹാസനത്തിന്ചുറ്റും. മൂന്നുവജ്രക്കല്ലുകളുടെപ്രകാശമാണ് സിംഹാസനത്തിലിരിക്കുന്നവന്. മരതകം, സൂര്യകാന്തം, പത്മരാഗം ഇവകൾ മഹാപുരോഹിതന്റെ ന്യായവിധിപതക്കത്തിലും(പുറ.28:18...20), സോർ രാജാവിന്റെ അലങ്കാരത്തിലും (യെഹ.28:13), പുതിയയെരുശലേമിന്റെ അടിസ്ഥാനത്തിലും ഈകല്ലുകളുണ്ട്(വെളി.21:19).

1. മരതകം

പച്ചനിറമുള്ള വജ്രക്കല്ല്. മഹാപുരോഹിതന്റെ ഏഫോദിൽ ഈകല്ല് പതിച്ചിരിന്നു(പുറ.28:17).ഇത്വളരെവിലപിടിപ്പുള്ളതാണ്. ദൈവകൃപയെവെളിപ്പെടുത്തുന്നതത്രെയിത്.

2. സൂര്യകാന്തം

നമ്മുടെകണ്ണുകളെമഞ്ചിപ്പിക്കുന്നപ്രകാശംഇതിൽനിന്ന്പുറപ്പെടുന്നു. ദൈവീകവിശുദ്ധിയെഇത്വെളിപ്പെടുത്തുന്നു.

3. പത്മരാഗം

ഈകല്ല് രക്തവർണ്ണ നിറമുള്ളതാണ്. .ദൈവീക വീണ്ടെടുപ്പിനെ ഇത്വെളിപ്പെടുത്തുന്നു.പൊതുവെ ഇതിന്റെ അർത്ഥം ദൈവം കൃപനൽകുന്നവനും, വിശുദ്ധനും, വീണ്ടെടുപ്പുകാരനും ആകുന്നു.

## സിംഹാസനത്തിനുചുറ്റും 24 മൂപ്പൻമാർ

വളരെ ആശയക്കുഴപ്പം സൃഷ്ടിച്ച ഒരു വേദഭാഗമാണിത്. ചിലർ വാദിക്കുന്നത് ഇത് ദൂതൻമാരാണെന്നാണ്. എന്നാൽ ദൂതൻമാർ നിൽക്കുന്നതല്ലാതെ സിംഹാസനങ്ങളിൽ ഇരിക്കുന്നതായി പറയുന്നില്ല. 24 എന്നത് പൌരോഹിത്യസംഖ്യയാണ്(1 ദിന.24:1...19). ചിലർപറയുന്നത് പഴയ നിയമ പുതിയ നിയമ വിശുദ്ധൻമാരുടെ പ്രതിനിധികളാണെന്നാണ്. സിംഹാസനം ഉള്ളതിനാൽ ഭരണംഉണ്ടെന്ന് തീർച്ച.

ഇവർ പുതിയ നിയമ വിശുദ്ധൻമാർ തന്നെയാണെന്ന് കരുതാം. ചില തെളിവുകൾ

- പുതിയ നിയമ വിശുദ്ധൻമാർ ഭൂമിയിൽ 1000 വർഷം ഭരിക്കും(20:6).
- തലയിൽ പൊൻകിരീടം ഉള്ളതിനാൽ രാജാക്കൻമാർ
- അവർ വീണ്ടെടുപ്പിന്റെ പാട്ടുപാടുന്നതിനാൽ പുതിയനിയമ വിശുദ്ധൻമാർ എന്ന് തെളിയുന്നു(5:8...10)
- വെള്ളയുടുപ്പ്,സിംഹാസനം, കിരീടം ഇവയെല്ലാം ചേർത്തുവായിച്ചാൽ ഇത് രാജകീയപുരോഹിതവർഗ്ഗമാണ്(1 പത്രോ.2:9)
- ഭൂമിയിൽ വാഴും എന്ന് പറയുന്നു(5:10)

## ദൈവത്തിന്റെ 7 ആത്മാക്കൾ (വെളി. 1:4, 4:5)

7 പൂർണതയെ വെളിപ്പെടുത്തുന്നു. മറ്റേതു സംഖ്യകളെക്കാളും 7 തിരുവചനത്തിൽ അധികമായി കാണാം. 7 എന്ന സംഖ്യ 50 ൽ അധികം പ്രാവശ്യം വെളിപ്പാടിലുണ്ട്. പരിശുദ്ധാത്മാവ് കേവലം ശക്തിയല്ല വ്യക്തിയാണ് (യോഹ.14:16,26; അപ്പോ.5:3,4, 20:28).ദൈവത്തിന്റെ ആത്മാവിന്റെ 7വിശേഷണങ്ങൾയെശയ്യാ11 ന്റെ 2 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

- യഹോവയുടെ ആത്മാവ്
- ജ്ഞാനത്തിന്റെ ആത്മാവ്
- പരിജ്ഞാനത്തിന്റെ ആത്മാവ്
- യഹോവ ഭക്തിയുടെ ആത്മാവ്
- വിവേകത്തിന്റെ ആത്മാവ്
- ആലോചനയുടെ ആത്മാവ്
- ബലത്തിന്റെ ആത്മാവ്

## കെരൂബുകളുടെ ദർശനം (വെളി.4:6,7)

അസാധാരണമായ മുഖങ്ങളോടുകൂടിയ നാലു ജീവികൾ സിംഹാസനത്തിനു ചുറ്റും

- സിംഹ മുഖം(യേശുവിന്റെ രാജ്യത്വം...മത്തായിയുടെ സുവിശേഷം)
- മനുഷ്യമുഖം(യേശുവിന്റെ മനുഷ്യത്വം...ലൂക്കോസിന്റെ സുവിശേഷം)
- കാള മുഖം(യേശുവിന്റെ ദാസിത്വം... മർക്കോസിന്റെ സുവിശേഷം)
- കഴുകു മുഖം (യേശുവിന്റെ ദൈവത്വം...യോഹന്നാന്റെ സുവിശേഷം)***